"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - കുറുപ്പംപടി എം.ജി.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. അന്ന മേരി വർഗീസിന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവിലെ അവധി റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.9739/2025/GEDN തീയതി,തിരുവനന്തപുരം, 17-11-2025

പരാമർശം:- 1) 28.02.2024 ലെ സ.ഉ.(സാധാ)നം.1633/2024/പൊവിവ.

2) ശ്രീമതി. അന്ന മേരി വർഗീസിന്റെ 31.07.2025 തീയതിയിലെ അപേക്ഷ.

3) കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.08.2025 ലെ ഡിഇഒകെഎംജി/2254/2025-ബി1 നമ്പർ കത്ത്.

ഉത്തരവ്

കുറുപ്പംപടി എം.ജി.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. അന്ന മേരി വർഗീസിന് പഠനാവശ്യത്തിനായി 06.11.2023 മുതൽ 15.10.2025 വരെ ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവായ 30.07.2025 മുതൽ 15.10.2025 വരെയുള്ള അവധി റദ്ദാക്കുന്നതിനായി ശ്രീമതി. അന്ന മേരി വർഗീസ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ശ്രീമതി അന്ന മേരി വർഗീസ്, 30.07.2025 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ, പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത 30.07.2025 മുതൽ 15.10.2025 വരെയുള്ള കാലയളവിലെ അവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം
ഹെഡ്മിസ്ട്രസ്സ്/ശ്രീമതി. അന്ന മേരി വർഗീസ്, എച്ച്.എസ്.ടി. (മലയാളം),
എം.ജി.എം.എച്ച്.എസ്.എസ്., കുറുപ്പംപടി, എറണാകുളം - 683545
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 17-11-2025 16:49:12
സെക്ഷൻ ഓഫീസർ